# Mathrubhumi

# 22 August 2018

# Kochi, Flood, CM's Flood Relief Fund

## പെട്രോളിയം കമ്പനികൾ 25 കോടി നൽകി



മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കുള്ള കേന്ദ്ര പെട്രോളിയം കമ്പനികളുടെ സംഭാവനയായ 25 കോടി രൂപയുടെ ചെക്ക് പെട്രോളിയം മന്ത്രാലയത്തിനു വേണ്ടി കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു

**കൊച്ചി ▸** കേന്ദ്ര പൊതുമേഖലാ പെട്രോളിയം കമ്പനികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 25 കോടി രൂപ സംഭാവന നൽകി. പൊതുമേഖലാ പെട്രോളിയം കമ്പനികളുടെ വക 25 കോടി രൂപയുടെ ചെക്ക്, പെട്രോളിയം മന്ത്രാലയത്തിനു വേണ്ടി കേന്ദ്രമന്ത്രി അൽഫോൻസ് കണ്ണന്താനം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറി.

വി. മുരളീധരൻ എം.പി., ബി.പി.സി.എൽ. കൊച്ചി റിഫൈനറി എക്സിക്യൂട്ടീവ് ഡയറക്ടർ പ്രസാദ് കെ. പണിക്കർ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റെയും പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരുന്നു ഇത്.

## സൗത്ത് ഇന്ത്യൻ ബാങ്ക് രണ്ട് കോടി നൽകും

**കൊച്ചി ▸** കേരള സർക്കാരിന്റെ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സൗത്ത് ഇന്ത്യൻ ബാങ്ക് രണ്ട് കോടി രൂപ നൽകും.

ഇതിനു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജീവനക്കാരുടെ ഒരു ദിവസത്തെ വേതനത്തിൽ നിന്ന് ഒരു കോടി രൂപ കൂടി നൽകാൻ പദ്ധതിയിട്ടിട്ടുണ്ട്. വിവിധ ശാഖകളിലെ ജീവനക്കാർ സ്വമേധയാ രക്ഷാപ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ജില്ലാ നേതൃത്വത്തിന്റെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കൂട്ടാവുകയും ചെയ്തിരുന്നു.



മുഖ്യമന്ത്രിയുടെ പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് സമുദ്രോത്പന്ന കയറ്റുമതി അതോറിറ്റി (എംപെഡ), രാജീവ് ഗാന്ധി സെൻറർ ഫോർ അക്വാ കൾച്ചർ (ആർ.ജി.സി.എ.) എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാർ സമാഹരിച്ച 7.25 ലക്ഷം രൂപയുടെ ചെക്ക് എംപെഡ ചെയർമാൻ കെ.എസ്. ശ്രീനിവാസ് കളക്ടർ മുഹമ്മദ് സഫീറുള്ളയ്ക്ക് കൈമാറുന്നു. എംപെഡ സെക്രട്ടറി ബി. ശ്രീകുമാർ സമീപം.

## വിലക്കുറവുമായി ബിസ്മി

**കൊച്ചി ▸** സംസ്ഥാനം പ്രളയക്കെടുതിയിൽ വലയുന്ന സാഹചര്യത്തിൽ റീട്ടെയിൽ ഗ്രൂപ്പായ ബിസ്മി അവശ്യ വസ്തുക്കളും നിത്യോപയോഗ സാധനങ്ങളും വിലക്കുറവിൽ ലഭ്യമാക്കി.

അരി, പഞ്ചസാര, ഉപ്പ്, പരിപ്പ്, കടല, ആട്ട, വെളിച്ചെണ്ണ, മുളകുപൊടി, മഞ്ഞൾപ്പൊടി തുടങ്ങിയ ഭക്ഷ്യവസ്തുക്കളെല്ലാം ഹോൾസെയിൽ വിലയിലും വളരെ കുറഞ്ഞ നിരക്കിൽ ബിസ്മിയിൽ ലഭ്യമാണ്. സാനിറ്ററി നാപ്കിനുകൾ, സോപ്പുകൾ, ടൂത്ത് പേസ്റ്റുകൾ, സോപ്പുപൊടി തുടങ്ങിയ അവശ്യ വസ്തുക്കളും വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. 100 രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾക്ക് അഞ്ച് ശതമാനം ഡിസ്കൗണ്ട് ഒരുക്കിയിട്ടുണ്ട്. മിക്സി, ഗ്യാസ് സ്റ്റൗ, പാത്രങ്ങൾ, മറ്റു അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് 50 ശതമാനം വരെ വിലക്കുറവുണ്ട്. വെള്ളം കയറിയ ഉത്പന്നങ്ങൾ മാറ്റി വാങ്ങാനും അവസരമൊരുക്കിയിട്ടുണ്ട്.

ഉപഭോക്താക്കൾ ബൾക്ക് പർച്ചേസ് ഒഴിവാക്കി ആനുകൂല്യം എല്ലാവർക്കും ലഭ്യമാക്കുന്ന രീതി തിരഞ്ഞെടുക്കണമെന്ന് ബിസ്മി ഗ്രൂപ്പ് മാനേജിങ് ഡയറക്ടർ വി.എ. അജ്മൽ പറഞ്ഞു.